**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1712** **13-02-2025 - ൽ മറുപടിയ്ക്ക്**

**സയൻസ് പാർക്കിന് കേരള സർവകലാശാലയുടെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവകലാശാലയുടെ ഭൂമി സ്വകാര്യ സംരംഭകരുമായി ചേർന്ന് നടത്തുന്ന സയൻസ് പാർക്കിനു സൗജന്യമായി വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ആയത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | കേരള സർവകാലശാലയുടെ ഭൂമി സ്വകാര്യ സംരംഭകരുമായി ചേർന്നു നടത്തുന്ന സയൻസ് പാർക്കിന് സൗജന്യമായി വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടില്ല. |
| (ബി) | നേരത്തെ സെനറ്റ് തീരുമാനിച്ച നിബന്ധനകൾക്ക് വിരുദ്ധമായാണോ പ്രസ്തുത ഭൂമി നൽകാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | (എ)-യിൽ നൽകിയിട്ടുണ്ട്. |
| (സി) | സാങ്കേതിക സർവകലാശാലയുടെയും ഉന്നത വിദ്യാഭാസ കൗൺസിലിന്റെയും ആസ്ഥാന മന്ദിരങ്ങൾ നിർമ്മിക്കുന്നതിന് ഭൂമി വിട്ടു നൽകണമെന്ന സർക്കാർ നിർദേശം സർവകലാശാല നിരസിച്ചിരുന്നോ; വ്യക്തമാക്കാമോ? | (സി) | സർവകലാശാലയ്ക്ക് ഭാവിയിൽ പുതിയ പഠനശാഖകൾ സ്ഥാപിക്കുന്നതിന് സർവകലാശാല ഭൂമിയുടെ സംരക്ഷണം അത്യാവശ്യമാ ണെന്നും മറ്റു പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കാൻ ഭൂമിയില്ലെന്നും സമാനമായ ഒരു നിർദേശവും ഭാവിയിൽ സിൻഡിക്കേറ്റിനു മുന്നിൽ വയ്ക്കരുതെന്നും 20.01.1995-ന് നടന്ന സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, സാങ്കേതിക സർവകലാശാലയ്ക്ക് ഭൂമി അനുവദിക്കുന്നതിന് സർക്കാർ നൽകിയ നിർദേശം സ്വീകരിക്കാൻ നിർവാഹമില്ലെന്ന് 2016 ജൂലായ് 1, 2 തീയതികളിൽ നടന്ന സെനറ്റ് യോഗത്തിൽ തീരുമാനമായിരുന്നു. |

സെക്ഷൻ ഓഫീസർ